തിരുവനന്തപുരത്ത് കോട്ടയ്ക്കകത്തും പരിസരത്തും നടപ്പാക്കാനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ

59 [222] ശ്രീ. തമ്പാനൂർ രവി:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ഡി. സുഗതൻ:
,, ജോർജ് ജെ. മാത്യു:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് കോട്ടയ്ക്കകത്തും പരിസരത്തും എന്തെല്ലാം പരിഷ്ക്കരണ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ നടപടി സ്വീകരിക്കുമ്പോൾ അവയുടെ പഴമയും ഒറിജിനാലിറ്റിയും നിലനിർത്തുവാൻ എന്തെല്ലാം നടപടികളാണ് എടുക്കുന്നത്;

(സി) ഈ പരിഷ്ക്കരണത്തിനും നവീകരണത്തിനും ഏതെങ്കിലും കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആരെയൊക്കെയെന്നും ഈ പരിഷ്ക്കരണ നടപടികൾക്ക് എന്ത് ചെലവ് വരുമെന്നും ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നുണ്ടോ എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരത്ത് കോട്ടയ്ക്കകത്ത് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് ചുറ്റുമുള്ള പരിസരം പൈതൃകമേഖലയായി നിലനിർത്തുന്നതിനുള്ള പരിഷ്കരണ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ക്ഷേത്രത്തിന് ചുറ്റുമുള്ള കോട്ടയുടെയും, കൊട്ടവാതിലുകളുടെയും സംരക്ഷിത സ്മാരകങ്ങളായ പതിനാറ് കൊട്ടാരങ്ങളുടെയും സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ശ്രീ. പത്മനാഭസ്വാമി ക്ഷേത്രത്തിലേക്കുള്ള പ്രധാന നടപ്പാതയുടെ ഇടത് ഭാഗത്തായി കേരളീയ ശൈലിയിൽ 27 പ്രീഫാബ്രിക്കേറ്റഡ് കടകൾ നിർമ്മിച്ച് നൽകുകയും ഇവിടെ റോഡിന്റെ ഇരുഭാഗത്തും 3 മീറ്റർ വീതിയിൽ കരിങ്കൽ പൈതൃകവീഥി നിർമ്മിച്ച് കാസ്റ്റ് അയൺ കൊണ്ടുള്ള ഫെൻസിംഗ് സ്ഥാപിക്കുകയും ചെയ്തു. കിഴക്കേകോട്ടയെ വർണ്ണാഭമാക്കുന്നതിന് വിനോദസഞ്ചാര വകുപ്പിന്റെ സഹായത്തോടെ ഡൈനാമിക് ലൈറ്റിംഗ് സംവിധാനവും നടപ്പിലാക്കി.

(ബി) ഇതിനായി പാരമ്പര്യ രീതിയിലുള്ള സംരക്ഷണ പണികളാണ് നടത്തിവരുന്നത്

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിലെ ആർക്കിടെക്ടുമാരായ പ്രൊഫ. യൂജിൻ എൻ. പണ്ടാല, ശ്രീ. എൻ. രാമസ്വാമി എന്നിവർ. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് കേന്ദ്ര ടൂറിസം വകുപ്പിന്റെ മുന്നര കോടി രൂപയാണ് കേന്ദ്രസഹായം.

പേരാമ്പ്ര, നൊച്ചാട് ഹരിജൻ കോളനിയിലെ കുടിവെള്ളപ്രശ്നം

60 [223] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ നൊച്ചാട് പഞ്ചായത്തിലെ കിളിയായി മീത്തൽ ഹരിജൻ കോളനിയിലെ കുടിവെള്ളം നിലച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ളം നിലയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(സി) കുടിവെള്ളം കൃത്യമായി ലഭ്യമാക്കാൻ സ്ഥിരം സംവിധാനം ഉണ്ടാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി കേരള വാട്ടർ അതോറിറ്റി നൊച്ചാട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. പഞ്ചായത്താണ് പദ്ധതിയുടെ മെയിന്റനൻസ് നടത്തി വരുന്നത്. പമ്പിംഗ് മെയിൻ തകരാറായതു കാരണമാണ് ജലവിതരണം നിലച്ചതെന്ന് പഞ്ചായത്തധികൃതർ അറിയിച്ചിട്ടുണ്ട്.

(സി) കുടിവെള്ളം ലഭ്യമാക്കാനുള്ള നടപടികൾ ഗ്രാമപഞ്ചായത്തിന് കൈക്കൊള്ളാവുന്നതാണ്.

കൂട്ടനാട് അപ്പർ കുട്ടനാട് മേഖലകളിലെ കൃഷിനാശം

61 [224] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേയുടെ പഴകി ദ്രവിച്ച ഷട്ടറുകളിൽകൂടി ഓരുവെള്ളം കയറി കുട്ടനാട് അപ്പർ കുട്ടനാട് മേഖലകളിൽ വൻ തോതിൽ കൃഷി നാശം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ വിശദാശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly